നം. ടി.ക്യു(1)41553/16

കാർഷിക വികസന കർഷകക്ഷേമ
വകുപ്പ് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 24.10.2016.

## സർക്കുലർ

**വിഷയം : കീടനാശിനികളുടെ വിതരണവും വിൽപനയും ഉപയോഗവും ഗുണനിലവാരവും നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്.**

സൂചന : ടി.ക്യു(1)24437/16 നമ്പർ പ്രകാരമുള്ള 22.08.2016 ലെയും 31.08.2016 ലെയും സർക്കുലർ.

കീടനാശിനികളുടെ വിതരണവും വിൽപനയും ഉപയോഗവും ഗുണനിലവാരവും നിയന്ത്രിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച്, ഉപരി സൂചന പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്.

നിരോധിത കീടനാശിനികൾക്കെതിരെ 29.08.2016 മുതൽ 07.10.2016 വരെ സംസ്ഥാന മൊട്ടാകെ കൃഷിവകുപ്പ് നടത്തിയ കാമ്പയിൻ സംബന്ധിച്ച് 17.10.2016 ന് 'സമേതിയിൽ' വച്ചു നടന്ന ഉദ്യോഗസ്ഥതല ശില്പശാലയിൽ വിലയിരുത്തൽ നടത്തുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ തുടർ പ്രവർത്തനങ്ങൾക്കായി താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) എല്ലാ കൃഷി ഓഫീസർമാരും തങ്ങളുടെ പരിധിയിലുള്ള എല്ലാ കീടനാശിനി ഡിപ്പോകളും ക്രമമായി സന്ദർശിച്ച് നിയമവിരുദ്ധമോ നിരോധിച്ചിട്ടുള്ളതോ ആയ കീടനാശിനികളുടെ വിതരണവും വിൽപനയും നടക്കുന്നില്ലെന്ന് തുടർന്നും ഉറപ്പ് വരുത്തേണ്ടതാണ്.

2) നിയന്ത്രിത കീടനാശിനികൾ വിൽക്കുന്നതിന് കൃഷി ഓഫീസറുടെ ശുപാർശക്കുറിപ്പ് നിർബന്ധമാക്കിയിട്ടുള്ള സാഹചര്യത്തിൽ, ടി വിവരങ്ങൾ കൃഷിഭവനിൽ പ്രത്യേക രജിസ്റ്ററിൽ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. കീടനാശിനി ഡിപ്പോകളിലൂടെ വിതരണം ചെയ്യുന്ന നിയന്ത്രിത കീടനാശിനികളുടെയും ബന്ധപ്പെട്ട കർഷകരുടെയും വിവരങ്ങൾ പ്രത്യേക രജിസ്റ്ററിൽ കൃത്യമായി സൂക്ഷിക്കുവാൻ ഡിപ്പോകൾക്കും കർശന നിർദ്ദേശം നൽകേണ്ടതാണ്.

3) അംഗീകൃത കീടനാശിനി ഡിപ്പോകളിലൂടെയല്ലാതെ, കർഷകർ അനധികൃതമായി കീടനാശിനികൾ വാങ്ങുന്നതും കൃഷിയിടങ്ങളിൽ ഉപയോഗിക്കുന്നതും പൂർണ്ണമായി നിയന്ത്രിക്കേണ്ടതാണ്. കീടനാശിനികൾ വാങ്ങുന്ന കർഷകർക്ക് ഡിപ്പോകളിൽ നിന്നും കൃത്യമായി ക്യാഷ് ബിൽ നൽകുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ക്യാഷ് ബിൽ നിർബന്ധമായും ചോദിച്ച് വാങ്ങുവാൻ കർഷകർക്കും പ്രേരണ നൽകണം.

4) നിരോധിക്കപ്പെട്ട കീടനാശിനികൾ കർഷകർ കൃഷിയിടങ്ങളിൽ പ്രയോഗിക്കുന്നതു ശ്രദ്ധയിൽപ്പെടുന്നപക്ഷം, ബന്ധപ്പെട്ട കർഷകർക്ക് മേലിൽ അത്തരം കീടനാശിനികൾ

പ്രയോഗിക്കരുതെന്ന് നിർദ്ദേശിച്ച കൊണ്ട് നോട്ടീസ് നൽകണം. തുടർന്നും അത്തരം കീടനാശിനികൾ ഉപയോഗിക്കുന്നത് ആവർത്തിക്കുന്നപക്ഷം വൈദ്യുതി സൗജന്യം ഉൾപ്പെടെ കൃഷിവകുപ്പിൽ നിന്നുള്ള എല്ലാ ആനുകൂല്യങ്ങളും നഷ്ടമാകുമെന്ന് കാണിച്ച് കർശന താക്കീതോടെ രണ്ടാമതും നോട്ടീസ് നൽകേണ്ടതാണ്. പിന്നീടും നിരോധിത കീടനാശിനികളുടെ ഉപയോഗം തുടർന്നാൽ അത്തരം കർഷകരെ കൃഷി വകുപ്പിന്റെ നിലവിലുള്ള പദ്ധതികളിൽ നിന്നും ഒഴിവാക്കുകയും മേലിൽ കൃഷി വകുപ്പ് നടപ്പിലാക്കുന്ന എല്ലാ പദ്ധതികളിൽ നിന്നും അയോഗ്യരാക്കുകയും ചെയ്യേണ്ടതാണ്. മാത്രവുമല്ല ഈ കർഷകർക്ക് മറ്റു സർക്കാർ വകുപ്പുകൾ നൽകുന്ന സൗജന്യങ്ങൾ കൂടി നിർത്തലാക്കുന്നതിനുള്ള ശുപാർശ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ അനന്തര നടപടികൾക്കായി കൃഷി ഡയറക്ടർക്ക് അയച്ചു നൽകേണ്ടതാണ്.

5) അംഗീകൃത കീടനാശിനി ഡിപ്പോകളിലൂടെയല്ലാതെ, കർഷകർക്കും കർഷകസമിതികൾക്കും കമ്പനികളോ വിതരണക്കാരോ ഇടനിലക്കാരോ നേരിട്ട് കീടനാശിനികൾ വിൽക്കുന്നതു ശ്രദ്ധയിൽപ്പെട്ടാൽ, ജില്ലാ ഭരണകൂടത്തിന്റെ സഹായത്തോടെ നിയമനടപടികൾ സ്വീകരിക്കേണ്ടതും വിവരം അപ്പപ്പോൾ കൃഷി ഡയറക്ടറേറ്റിൽ അറിയിക്കേണ്ടതുമാണ്.

6) കൃഷിഭവൻ തലത്തിൽ, ഇൻസെക്റ്റിസൈഡ് ഇൻസ്പെക്ടർമാരുടെ പരിശോധനയിൽ നിരോധിത കീടനാശിനികളുടെ വില്പനയോ, ഇൻസെക്റ്റിസൈഡ് ആക്റ്റിന്റെ ഗുരുതരമായ ലംഘനങ്ങളോ ശ്രദ്ധയിൽപ്പെട്ടാൽ, തുടർനടപടികൾക്ക് കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഇ&ടി) നേതൃത്വം നൽകേണ്ടതും ആവശ്യമായ എല്ലാ സഹായങ്ങളും ബന്ധപ്പെട്ട ഇൻസെക്റ്റിസൈഡ് ഇൻസ്പെക്ടർമാർക്ക് ലഭ്യമാക്കേണ്ടതുമാണ്.

7) മാരക കീടനാശിനികൾക്കെതിരെ, ജില്ലാതലത്തിൽ, പ്രിൻസിപ്പൽ കൃഷി ഓഫീസർ, കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഇ&ടി) ജില്ലയുടെ ചുമതലയുള്ള കൃഷി അസിസ്റ്റന്റ് ഡയറക്ടർ (ക്യു.സി.) അതാതു ബ്ലോക്കിലെ കൃഷി അസിസ്റ്റന്റ് ഡയറക്ടർ എന്നിവരടങ്ങിയ വിജിലൻസ് സ്ക്വാഡിന്റെ പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതും, പ്രതിമാസം എല്ലാ ബ്ലോക്കിലും കുറഞ്ഞത് ഒരു പരിശോധന വീതമെങ്കിലും നടത്തുകയും ചെയ്യേണ്ടതാണ്.

8) ഇതിനു പുറമേ, ഓരോ ജില്ലകളിലേയും കീടനാശിനി വിതരണ / വിൽപന കേന്ദ്രങ്ങളിൽ പ്രത്യേക പരിശോധനക്കായി, മറ്റു ജില്ലകളിൽ നിന്നുമുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിയുള്ള ഒരു സ്പെഷ്യൽ സ്ക്വാഡിനെ കൃഷി ഡയറക്ടർ നിയോഗിക്കുന്നതാണ്. 2016 നവംബർ മുതൽ 2017 മാർച്ച് വരെയുള്ള കാലയളവിൽ സ്പെഷ്യൽ സ്ക്വാഡ് നിയോഗിക്കപ്പെട്ട ജില്ലകളിൽ പരിശോധന നടത്തുന്നതാണ്.

9) കൃഷി അഡീഷണൽ ഡയറക്ടർ (സി.പി.) യുടെ നേതൃത്വത്തിൽ, കൃഷി ജോയിന്റ് ഡയറക്ടർ (പി.പി), പ്ലാന്റ് പ്രൊട്ടക്ഷൻ ഓഫീസർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ (ക്യു.സി), സീനിയർ അഗ്രിക്കൾച്ചറൽ ഓഫീസർ (ടി.എഫ്-1), എന്നിവരടങ്ങിയ സംസ്ഥാനതല വിജിലൻസ് സ്ക്വാഡ്, പ്രതിമാസം രണ്ട് ജില്ലകളിലെങ്കിലും അപ്രതീക്ഷിത സന്ദർശനവും പരിശോധനയും നടത്തേണ്ടതും റിപ്പോർട്ട് കൃഷി ഡയറക്ടർക്ക് നൽകേണ്ടതുമാണ്.

10) ജൈവ കീടനാശിനികളുടെ വില്പന വ്യാപകമായിട്ടുള്ള സാഹചര്യത്തിൽ, കീടനാശിനി

ഡിപ്പോകളിലൂടെ വിതരണം ചെയ്യുന്ന, സൂക്ഷ്മാണു കീടനാശിനികൾ ഒഴികെയുള്ള സസ്യജന്യ ജൈവകീടനാശിനി ഉല്പന്നങ്ങളുടെ ഒരു വിവര ശേഖരണം നടത്തേണ്ടതാണ്. (പ്രത്യേക പ്രൊഫോർമ ഉള്ളടക്കം ചെയ്തിട്ടുണ്ട്).

11) ജൈവകീടനാശിനികൾ എന്ന പേരിൽ സ്വകാര്യ കമ്പനികൾ വിൽപന നടത്തുന്ന ഉല്പന്നങ്ങൾ കൃഷി വകുപ്പിന്റെ നേരിട്ട് നിയന്ത്രണത്തിലുള്ള വിള ആരോഗ്യ ക്ലിനിക്കുകളിലോ, കൃഷിവകുപ്പുമായി ബന്ധപ്പെട്ട പ്രവർത്തിക്കുന്ന മറ്റു കേന്ദ്രങ്ങളിലോ പ്രദർശിപ്പിക്കുകയോ വിൽപന നടത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.

12) കീടനാശിനികളുടെ ഗുണനിലവാര പരിശോധനക്കായി 2016-17 വർഷത്തിൽ ഓരോ ജില്ലകൾക്കും നൽകിയിട്ടുള്ള ഭൗതിക ലക്ഷ്യത്തിന്റെ 50 ശതമാനം 2016 ഡിസംബർ 31 ന് മുമ്പ് പൂർത്തീകരിക്കേണ്ടതാണ്. ശേഷിക്കുന്നവ 2017 മാർച്ച് 31 ന് മുൻപായി പൂർത്തീകരിക്കുകയും യഥാസമയം റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

കീടനാശിനികളുടെ അശാസ്ത്രീയമായ ഉപയോഗം ഒഴിവാക്കുന്നതിനും, നൂതന കൃഷിമുറകൾ സംബന്ധിച്ച് കർഷകർക്കും പൊതുജനങ്ങൾക്കുമിടയിൽ വേണ്ടത്ര അവബോധം നൽകുന്നതിനും കൃഷിഭവൻതലത്തിലും ബ്ലോക്ക്തലത്തിലും ജില്ലാതലത്തിലും, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ചർച്ചാ ക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിക്കേണ്ടതാണ്. കൂടാതെ എല്ലാ റീജിയണൽ അഗ്രിക്കൾച്ചറൽ ടെക്നോളജി ട്രെയിനിംഗ് സെന്ററുകൾ (RATTC), ഫാർമേഴ്സ് ട്രെയിനിംഗ് സെന്ററുകൾ വഴിയും (FTC), കർഷകർക്കും കൃഷി ഉദ്യോഗസ്ഥർക്കും പ്രത്യേക പരിശീലന ക്ലാസ്സുകൾ നടത്തേണ്ടതാണ്.

ഇതിനു പുറമേ, മാരക കീടനാശിനികൾക്കെതിരെ പൊതു അവബോധം വളർത്തിയെടുക്കുവാനായി, ദൃശ്യ-ശ്രവ്യ-പത്രമാധ്യമങ്ങളിലൂടെ തുടർച്ചയായ പ്രചാരവേലകളും അവലംബിക്കേണ്ടതാണ്. ഫാം ഇൻഫർമേഷൻ ബ്യൂറോ ഇതിനായുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

കൃഷിവകുപ്പിലെ കൃഷിഭവൻ മുതൽ മുകളിലേക്കുള്ള എല്ലാ കൃഷി ഉദ്യോഗസ്ഥർക്കും ഈ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിലും നടപ്പിലാക്കുന്നതിലും ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)
കൃഷി ഡയറക്ടർ

BRENDA VALENTINA ARANHA
Plant Protection Officer
Agriculture Development and
Farmers Welfare Directorate
Vikas Bhavan, Tvpm-33

പകർപ്പ് :

എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
എല്ലാ പ്രോജക്ട് ഡയറക്ടർ (ആത്മ) മാർക്കും
എല്ലാ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഇ&ടി) മാർക്കും
പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ (എഫ്.ഐ.ബി)
കൃഷി ഡെപ്യൂട്ടി ഡയറക്ടർമാർ (RATTC / FTC)
എല്ലാ കൃഷി അസിസ്റ്റന്റ് ഡയറക്ടർ (ക്യൂ.സി) മാർക്കും

pks.10-24/10/16

## Details of Plant based Bio Pesticides being marketed through Retail Depots / Other Centres

**District:**

| Sl No | Name of Krishibhavan / Block | Name of Plant based Pesticide Formulation as per Label | Type of Formulation as per Label | Full Address of the Manufacturing Company with PIN as per Label | Customer Care No, if any | E-mail id of the company | Label Claim for pest /disease control | Composition as per Label | Dosage Recommendation given as per Label | Cost of Product (Rs) | Name & Address (with phone number) of the retailers selling the product |
|---|---|---|---|---|---|---|---|---|---|---|---|
| eg: | | ENCOUNTER | Herbal Extract | Rich Phytocare Pvt Ltd, D NO. 26, Tank bund Road, Nungambakkam, CHennai, PIN: 600034 | 9994392302 | Richphytocare @yahoo.com | Immunise against all pests | MIxture of Concentrates of herbal extracts of plants like Ricinus communis | 1 ml/100 ml | 500/ml | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |

Principal Agricultural Officer

Note: All information should be computer typed; email id and phone nymbers should be correctly spelled and checked; both hard copy and soft copy (XL) may be provided.